**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3397** **25-10-2021 - ൽ മറുപടിയ്ക്ക്**

**പുരാവസ്തു വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | പുരാവസ്തു വകുപ്പിന് കീഴിൽ എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഓരോ ജില്ലയുടെയും തനതായ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും, വരും തലമുറയ്ക്ക് ഇവ കൈമാറുക എന്ന ലക്ഷ്യം മുൻനിർത്തിയും എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യപടി എന്ന നിലയിൽ കേരള പുരാവസ്തു വകുപ്പിന്റെ കീഴിൽ ഇടുക്കി, പാലക്കാട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണം പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുള്ളതാണ്. തിരുവനന്തപുരം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ഘടനാ സംരക്ഷണ ജോലികൾ പൂർത്തിയാക്കിയിട്ടുള്ളതും മ്യൂസിയം സജ്ജീകരിക്കുന്നതിലേക്ക് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളതുമാണ്. ഒപ്പം തന്നെ വയനാട്, പത്തനംതിട്ട എന്നീ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ വയനാട് ജില്ലാ പൈതൃക മ്യൂസിയത്തിന്റെ പരിസരവികസന പ്രവൃത്തികളും അതിനോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരികയാണ്. പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് കോന്നി ആനത്താവളത്തിൽ വനം വകുപ്പ് വിട്ടു നൽകിയ കെട്ടിടം പര്യാപ്തമല്ലാത്തതിനാൽ കൂടുതൽ സ്ഥല സൗകര്യമുള്ള മറ്റൊരു കെട്ടിടം വിട്ടുനൽകുന്നതിന് വനം വകുപ്പുമായുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. മലപ്പുറം ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കാൻ തീരുമാനിച്ച തിരൂരങ്ങാടി പഴയ ഹജ്ജൂർ കച്ചേരി കെടിടത്തിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചു വന്നതിനാൽ കെട്ടിടം പുരാവസ്തു വകുപ്പിന് വിട്ടുകിട്ടാൻ താമസം |

| | | | |
|---|---|---|---|
| | | | നേരിട്ടുകയുണ്ടായി. അതിനാൽ മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ യഥാസമയം തുടങ്ങാൻ പുരാവസ്തു വകുപ്പിന് സാധിച്ചിരുന്നില്ല. നിലവിൽ കെട്ടിടം പുരാവസ്തു വകുപ്പിന് കൈമാറി ലഭ്യമായിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കേണ്ട ഈ കെട്ടിടത്തിന്റെ ഘടനാ സംരക്ഷണ ജോലികൾ ഇപ്പോൾ നടന്നുവരികയാണ്. മറ്റ് ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിന് കെട്ടിടങ്ങൾ ലഭ്യമായിട്ടില്ല. ഇത് ലഭ്യമാകുന്ന മുറയ്ക്ക് അതാത് ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ പുരാവസ്തുവകുപ്പ് ആരംഭിക്കുന്നതാണ്. |
| (ബി) | കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന് കീഴിൽ 2016 മുതൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോന്നിനും ചെലവായ തുക എത്രയെന്നും വിശദമാക്കാമോ? | (ബി) | കാസർകോട് ജില്ലയിൽ പുരാവസ്തു വകുപ്പ് 2016 മുതൽ നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു. 1)ചന്ദ്രഗിരി കോട്ടയുടെ സംരക്ഷണ പ്രവർത്തനങ്ങൾ തുക - 68.17 ലക്ഷം രൂപ 2)പൗവ്വൽ കോട്ടയുടെ സംരക്ഷണ പ്രവൃത്തികൾ തുക - 53.40 ലക്ഷം രൂപ 3)ഹോസ്ദുർഗ് കോട്ടയുടെ സംരക്ഷണ പ്രവൃത്തികൾ തുക - 81.87 ലക്ഷം രൂപ 4)പൗവ്വൽ കോട്ടയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചത് തുക - 26 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ